## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5086** — **15.11.2019 ൽ മറുപടിയ്ക്ക്**

### തരിശ് ഭൂമികൾ കൃഷിയോഗ്യമാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. ദാസൻ | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) കഴിഞ്ഞ വർഷം കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ പയ്യോളി നഗരസഭ, കൊയിലാണ്ടി നഗരസഭ, തിക്കോടി, മൂടാടി, ചെങ്ങോട്ടുകാവ്, ചേമഞ്ചേരി എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ എത്ര ഹെക്ടർ തരിശ് ഭൂമികൾ കൃഷിയോഗ്യമാക്കിയിട്ടുണ്ട്; വിശദമാക്കാമോ; | എ) 2018-19 സാമ്പത്തിക വർഷത്തിൽ പയ്യോളി നഗരസഭാ പരിധിയിൽ 0.88 ഹെക്ടറും, തിക്കോടി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിൽ 5 ഹെക്ടറും തരിശുഭൂമി കൃഷിയോഗ്യമാക്കിയിട്ടുണ്ട്. കൂടാതെ കൊയിലാണ്ടി നഗരസഭയിൽ 40 ഹെക്ടർ, മൂടാടി 7 ഹെക്ടർ, ചെങ്ങോട്ടുകാവ് 10 ഹെക്ടർ, ചേമഞ്ചേരി 1.8 ഹെക്ടർ തരിശുഭൂമിയും കൃഷിയോഗ്യമാക്കിയിട്ടുണ്ട്. |
| ബി) ഈ വർഷം കൂടുതൽ തരിശു നിലങ്ങളിലേക്ക് നെൽകൃഷി വ്യാപിപ്പിക്കാൻ പ്രസ്തുത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിക്കുള്ളിൽ എന്തെല്ലാം പദ്ധതികളാണ് കൃഷിവകുപ്പ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | ബി) 2019-20 വർഷത്തിൽ നെൽകൃഷി വ്യാപിപ്പിക്കുന്നതിനായി ചെത്തിൽ, കണ്ടച്ചിറ പാടശേഖരങ്ങളിൽ ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനായി ഷട്ടർ നിർമ്മിക്കുന്നതിനു ജനകീയാസൂത്രണം വഴി പദ്ധതി സമർപ്പിച്ചിട്ടുണ്ട്. അകലാപ്പുഴ കോൾ നിലത്തിൽ ഏകദേശം 80 ഹെക്ടർ വിസ്തൃതിയുള്ള സ്ഥലം നെൽകൃഷി യോഗ്യമാക്കും.<br>ചെങ്ങോട്ടുകാവ് പഞ്ചായത്തിൽ തരിശുനിലത്തിൽ പച്ചക്കറി കൃഷിയും, നെൽകൃഷിയും തുടങ്ങിയിട്ടുണ്ട്. മൂടാടി പഞ്ചായത്തിൽ കൃഷി വകുപ്പ് പദ്ധതിപ്രകാരം 10 ഹെക്ടറിലും ജനകീയാസൂത്രണ പദ്ധതി പ്രകാരം 5 ഹെക്ടറിലും കൃഷി ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്.<br>ചേമഞ്ചേരി പഞ്ചായത്തിൽ 10 ഹെക്ടർ തരിശു നില നെൽകൃഷി, 0.5 ഹെക്ടർ പച്ചക്കറി കൃഷി എന്നിവയും നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.<br>തിക്കോടി പഞ്ചായത്തിലെ 6 പാടശേഖരങ്ങളിലും തരിശായി കിടക്കുന്ന നെൽവയലുകൾ കണ്ടെത്തി 25 ഹെക്ടർ സ്ഥലം നെൽകൃഷി യോഗ്യമാക്കാനുള്ള |

| | | | |
|---|---|---|---|
| | | | പ്രോജക്റ്റ് ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| സി) | കൃഷിയോഗ്യമാക്കാൻ കഴിയുന്ന തരിശുനിലങ്ങൾ കണ്ടെത്തി നെൽകൃഷി വ്യാപകമാക്കാൻ ഉതകുന്ന ഒരു പ്രൊജക്റ്റ് ജില്ലാ കൃഷി വകുപ്പ് തയ്യാറാക്കി വരുന്നുണ്ടോ; വിശദമാക്കുമോ? | സി) | കോഴിക്കോട് ജില്ലയിൽ തരിശായി കിടക്കുന്ന പഞ്ചായത്തുകൾ കണ്ടെത്തി അവ തരിശുരഹിതമാക്കാനുള്ള പ്രോജക്റ്റ് കോഴിക്കോട് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഹരിത കേരള മിഷൻ, കൃഷി ഓഫീസർമാർ എന്നിവരുടെ കൂട്ടായ്മയിലൂടെ നടപ്പിലാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ